"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ആഡിറ്റ് ബോർഡ്-(റിയാബ്) -നെ 'ബോർഡ് ഫോർ പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ' (BPT) എന്ന് പുനർനാമകരണം ചെയ്തുകൊണ്ടും ഗവേർണിംഗ് ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.64/2023/ID തീയതി,തിരുവനന്തപുരം, 05-09-2023

---

പരാമർശം:-

1. സ.ഉ (എം.എസ്) നം.90/1990/വ്യവ, തീയതി 25.06.1990
2. സ.ഉ (എം.എസ്) നം.172/1993/വ്യവ, തീയതി 31.12.1993
3. സ.ഉ (സാധാ) നം.1157/2021/വ്യവ, തീയതി 22.10.2021
4. സ.ഉ (സാധാ) നം.598/2023/വ്യവ, തീയതി 20.06.2023

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, അക്കൗണ്ടിംഗ് കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം ഇന്റേർണൽ ഓഡിറ്റ് ബോർഡ് രൂപീകരിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ഇന്റേർണൽ ഓഡിറ്റ് ബോർഡിനെ പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ് എന്ന് പുനർനാമകരണം ചെയ്ത് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകി ശാക്തീകരിക്കുകയും ചെയ്തിരുന്നു.

2. വ്യവസായത്തിന്റെ വളർച്ചയും തൊഴിലവസരങ്ങളുടെ വർദ്ധനവും ലക്ഷ്യമാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ കൂടുതൽ സുതാര്യമായും സാങ്കേതിക മികവിലും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സഹായകരമായ സ്വയംഭരണ സ്വാതന്ത്ര്യവും അക്കൗണ്ടബിലിറ്റിയോട് കൂടിയ സാമ്പത്തികാധികാരവും നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സർക്കാരിൽ സമർപ്പിക്കുന്നതിന് ശ്രീ. പോൾ ആന്റണി, IAS (Rtd), ചെയർമാനായി മൂന്നംഗ വിദഗ്ധ സമിതിയെ പരാമർശം (3) ഉത്തരവ് പ്രകാരം

നിയമിക്കുകയും പ്രസ്തുത സമിതി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നൽകേണ്ട സ്വയംഭരണാധികാരവും സാമ്പത്തികാധികാരത്തേയും സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ട് പരാമർശം (4) ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ശ്രീ.പോൾ ആന്റണി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ റിയാബിന്റെ നിലവിലെ പ്രവർത്തന രീതി കാലഹരണപ്പെട്ടതായും ആയതിനാൽ റിയാബിനെ പുനഃസംഘടിപ്പിച്ചുകൊണ്ട്, കാലാനുസൃതമായ രീതിയിൽ 'ബോർഡ് ഫോർ പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ' (BPT) എന്ന് പുനഃനാമകരണം ചെയ്യണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം പുനഃസംഘടിപ്പിക്കുന്ന സ്ഥാപനത്തിൽ നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കിയ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ മേൽ നോട്ട ചുമതല വഹിക്കേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ് (റിയാബ്)-നെ 'ബോർഡ് ഓഫ് പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ' (BPT) എന്ന് പുനഃനാമകരണം ചെയ്തുകൊണ്ടും ബോർഡ് ഓഫ് പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ -ന്റെ ഗവേണിംഗ് ബോർഡ് ചുവടെ പറയുന്ന പ്രകാരം സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

i. എക്സിക്യൂട്ടീവ് ചെയർമാൻ
ii. പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)
iii. അഡ്വൈസർ (സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ്)
iv. മെമ്പർ സെക്രട്ടറി
v. എക്സ്റ്റേണൽ എക്സ്പേർട്ട്സ് - 3
എക്സ്പേർട്ട് (മാനേജ്മെന്റ്)
എക്സ്പേർട്ട് (ഫിനാൻസ്)
എക്സ്പേർട്ട് (ടെക്നിക്കൽ)

5. ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷന്റെ (BPT) എക്സിക്യൂട്ടീവ് ചെയർമാനായി ശ്രീ. അജിത്കുമാർ കെ. (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), എസ്ആർഎ 82, ഗ്രീഷ്മം, കല്ലറ റോഡ്, ഏരൂർ.പി.ഒ, തൃപ്പൂണിത്തുറ, എറണാകുളം 682306 - നെ നിലവിലെ റിയാബ് ചെയർമാൻ ഡോ.ആർ.അശോകിന് പകരമായി നിയമിക്കുന്നു.

6. ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷന്റെ (BPT) മെമ്പർ സെക്രട്ടറിയായി ശ്രീ. സതീഷ് കുമാർ പി, മാനേജിംഗ് ഡയറക്ടർ, ദി കേരള സിറാമിക്സ് ലിമിറ്റഡിനെ നിലവിലുള്ള മെമ്പർ സെക്രട്ടറി ശ്രീ.കെ.പദ്മകുമാറിനെ മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

7. ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷനിലേക്ക് (BPT) സാങ്കേതിക വിദഗ്ധരായ 3

എക്സ്റ്റേണൽ എക്സ്പെർട്ടുകളെ (മാനേജ്മെന്റ് എക്സ്പെർട്ട്, ഫിനാൻസ് എക്സ്പെർട്ട്, ടെക്നിക്കൽ എക്സ്പെർട്ട്) നിയമിക്കുന്നത് സംബന്ധിച്ച ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

8. നിലവിൽ റിയാബിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പുനഃസംഘടിപ്പിക്കപ്പെടുന്ന ബോർഡ് ഓഫ് പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ (BPT)-ന്റെ പ്രവർത്തന സ്വഭാവവും, ആവശ്യവും പരിഗണിച്ച് ഏത് മേഖലയിൽ നിലനിർത്തണമെന്ന കാര്യം പരിശോധിച്ച് പ്രത്യേക ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ. അജിത്കുമാർ കെ (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), എസ്ആർഎ 82, ഗ്രീഷ്മം, കല്ലറ റോഡ്, ഏരൂർ.പി.ഒ, തൃപ്പൂണിത്തുറ, എറണാകുളം 682306
ശ്രീ.ആർ.അശോക്, ചെയർമാൻ, റിയാബ്, തിരുവനന്തപുരം
ശ്രീ.കെ.പദ്മകുമാർ, മെമ്പർ സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
ശ്രീ. സതീഷ് കുമാർ പി, മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ / ജി&എസ്എസ്എ), തിരുവനന്തപുരം
വ്യവസായ വകുപ്പിന് കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by AJITHKUMAR A
Date: 05-09-2023 18:18:58
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (I / II) യുടെ പി.എ-യ്ക്ക്
കയർ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
വ്യവസായ വകുപ്പ് ഒഎസ്ഡി-യുടെ സി.എ-യ്ക്ക്.